**23146828**

23146828

Reg. No..............................

Name.................................

# B.A. DEGREE (CBCS) EXAMINATION, DECEMBER 2023

First Semester

Kathakali Chenda

Core Course - CD1CRT01 - BASICS OF CHENDA

(2017 Admission onwards)

Time : Three Hours | Maximum Marks : 80

## Part A

*Write short note on any ten not exceeding 50 words (1-12)*

*Each question carries* **2** *marks.*

1. ഗണപതിക്കൈ വായ്ത്താരി എഴുതി, ഗണപതിക്കൈ കൊട്ടുന്നതിന്റെ ഉദ്ദേശം വ്യക്തമാക്കുക?
2. രാമനാട്ടത്തിന്റെ ഉപജ്ഞാതാവാര്? ഏതെങ്കിലും 4 രാമനാട്ടം കഥകളുടെ പേരെഴുതുക.
3. ചെണ്ടയിലെ പാഠകൈകൾ ഏതെല്ലാം? അവയുടെ താളമെന്ത്?
4. തായമ്പകയുടെ പാലക്കാടൻ സമ്പ്രദായത്തിന്റെ പ്രഥമ പ്രയോക്താവാര്? ഈ സമ്പ്രദായത്തെകുറിച്ച് ഒരു ലഘു വിവരണം നൽകുക.
5. കഥകളിയിലെ തോടയം എന്ന നൃത്ത വിശേഷത്തിന്റെ ഉദ്ദേശമെന്ത്?
6. കേരളകലാമണ്ഡലം പ്രവർത്തനമാരംഭിച്ചതെന്ന്? ഈ സ്ഥാപനത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടന്നതെവിടെയാണ്?
7. തായമ്പകയുടെ പതികാലത്തിലെ രണ്ടാമത്തെ എണ്ണമേത്? ഈ എണ്ണം കൊട്ടുമ്പോൾ കൈ, കോൽ സ്ഥാനങ്ങൾ എപ്രകാരമായിരിക്കണം?
8. തായമ്പകക്ക് മുന്നോടിയായുള്ള സന്ധ്യവേല എന്ന വാദ്യപ്രയോഗത്തിന്റെ ഉദ്ദേശമെന്ത്?
9. കഥകളിയിൽ സ്ത്രീവേഷാവതരണ സന്ദർഭങ്ങളിൽ ചെണ്ട ഉപയോഗിക്കാറില്ല. എന്തുകൊണ്ട്?
10. കഥകളിയിലെ ഗായകർക്ക് പറയുന്ന പേരുകളെന്ത്? കഥകളിയിൽ പിന്നണി സംഗീതത്തിന് 2 ഗായകർ വേണമെന്ന് നിശ്ചയിച്ച കഥകളി പരിഷ്കർത്താവാര്
11. കഥകളിയിൽ ഏതുതരം കഥാപാത്രങ്ങളാണ് കത്തിവേഷത്തിൽ അരങ്ങിലെത്തുക? ഉദാരണ സഹിതം വിവരിക്കുക.
12. ആചാര്യൻ, പത്മഭൂഷൻ രാമൻകുട്ടി നായർ അവർകളെകുറിച്ച ഒരു ചെറു വിവരണം നൽകുക.

(10 × 2 = 20)

**Turn over**

23146828

## Part B

*Write short esssay on any six (13-21) not exceedomg 100 words.*

*Each question carries 5 marks.*

13. വാദ്യങ്ങളെ എത്രയായാണ് തരം തിരിച്ചിരിക്കുന്നത്? ഏതെല്ലാം? ഉദാഹരണ സഹിതം വിവരിക്കുക.
14. കഥകളിയിൽ ഉപയോഗിക്കുന്ന താളങ്ങളെകുറിച്ചും അവയുടെ വിവിധ കാലങ്ങൾ എത്ര അക്ഷരകാലം വീതമെന്നും എഴുതുക.
15. ഒരു എണ്ണം ഏറ്റിച്ചുരുക്കുന്നതിന്റെ പൊതുവായ ഘടന എപ്രകാരണമാണ്? - വിവരിക്കുക.
16. ചെണ്ടയുടെ അഭ്യസനക്രമത്തിൽ, തായമ്പക പഠനത്തിനുള്ള പ്രാധാന്യമെന്ത്? ഉദാഹരണ സഹിതം വിവരിക്കുക.
17. തായമ്പക വാദനത്തിൽ നിങ്ങൾക്കേറെ ഇഷ്ടമുള്ള ഒരു കലാകാരനെക്കുറിച്ചും, അദ്ദേഹത്തിന്റെ തായമ്പക വാദനത്തിൽ നിങ്ങളെ ആകർഷിച്ച ഘടകങ്ങളെകുറിച്ചും വിവരിക്കുക.
18. രാമനാട്ടത്തിന്റെ ഉത്ഭവത്തിന് കാരണമായി പറയപ്പെടുന്ന കഥ എഴുതുക.
19. കഥകളിയിലെ പുറപ്പാട് എന്ന ഇനത്തെകുറിച്ച് വിവരിക്കുക.
20. ക്ഷേത്രാനുഷ്ഠാനങ്ങൾക്ക് ഉപയോഗിക്കുന്ന ഏതെങ്കിലും 2 വാദ്യോപകരണങ്ങളെ പരിചയപ്പെടുത്തുക.
21. ആചാര്യൻ ശ്രീമാൻ കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ അവർകളെകുറിച്ച്, ആചാര്യൻ, സാഹിത്യകാരൻ എന്നീ നിലകളിൽ അദ്ദേഹം കഥകളിക്ക് നൽകിയ സംഭാവനകളെകുറിച്ചും വിവരിക്കുക.

(6 × 5 = 30)

## Part C

*Write long essay on any two (22-25) not exceeding 500 words.*

*Each question carries 15 marks.*

22. തായമ്പകയുടെ ഉത്ഭവം, വളർച്ച, ഈ കലാരൂപത്തിന് ഇന്നുള്ള ജന പ്രീതി, അതിന് നിദാനമായ ഘടകങ്ങൾ എന്നീ കാര്യങ്ങളെ കുറിച്ച് വിവരിക്കുക.
23. കഥകളിയെ ഒരു സമ്പൂർണ്ണകല (Total artform) എന്ന് വിശേഷിപ്പിക്കാമോ? നിങ്ങളുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും ഉദാഹരണ സഹിതം പങ്കുവക്കുക.
24. ഇടക്ക, തിമില, മൃദംഗം, മദ്ദളം എന്നീ വാദ്യോപകരണങ്ങളെകുറിച്ചും ഇവ ഉപയോഗിക്കുന്ന കലാരൂപങ്ങൾ, പ്രസ്തുത വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കൃതഹസ്തരായ കലാകാരന്മാർ എന്നീ കാര്യങ്ങളെകുറിച്ചും വിവരിക്കുക.
25. ഇരയിയമ്മൻ തമ്പിയെകുറിച്ചും അദ്ദേഹത്തിന്റെ ആട്ടക്കഥകൾ മറ്റുസാഹിത്യ സൃഷ്ടികൾ എന്നീ കാര്യങ്ങളെകുറിച്ചും വിവരിക്കുക.

(2 × 15 = 30)